(4) ഗാർഹിക ഉപഭോക്താക്കൾക്കും മറ്റുമുള്ള ക്രോസ് സബ്സിഡി ഭാരമില്ലാത്ത പുതിയ സപ്ലൈ ലൈസൻസികൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകുന്ന വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വാണിജ്യ വ്യാവസായിക വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകാനാവും. ഇതുവഴി കെ.എസ്.ഇ.ബി. ലിമിറ്റഡ് കൂടുതൽ നഷ്ടത്തിലേക്ക് നീങ്ങുകയും ചെയ്യും. നിർദ്ദിഷ്ട ബില്ലിന്മേലുള്ള അഭിപ്രായങ്ങൾ പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ കേരളം അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ദോഷവശങ്ങൾ പരിഗണിക്കുമ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡി-നെ പൊതുമേഖലയിൽ നിലനിർത്താൻ തടസ്സമില്ലെങ്കിലും, അതിന്റെ മത്സരക്ഷമത കുറയുകയും ലാഭത്തിൽ പ്രവർത്തിക്കാനുള്ള സാദ്ധ്യത തീരെ ഇല്ലാതാകുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്. ഇത് പരിഹരിക്കാൻ സംസ്ഥാന സർക്കാരിന് ആകെ ചെയ്യാൻ കഴിയുന്നത് പുതിയ സപ്ലൈ ലൈസൻസികൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ കർക്കശമാക്കണമെന്ന നയപരമായ നിർദ്ദേശം റെഗുലേറ്ററി കമ്മീഷന് നല്കുക മാത്രമാണ്.

തടസ്സം കൂടാതെ വൈദ്യുതി എത്തിക്കാൻ നടപടി

10 (3163) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മുവാറ്റുപുഴ കൊളമ്പുര കടവിൽ സ്ഥാപിച്ചിട്ടുള്ള പ്രധാന ജല പമ്പിംഗ് സ്റ്റേഷനിലേക്ക് തടസ്സം കൂടാതെ വൈദ്യുതി എത്തിക്കുന്നതിനായി പ്രത്യേക വൈദ്യുത വിതരണ ലൈൻ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി 4.42 കോടി രൂപ 2/1/2009-ൽ ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ തുക അടച്ച് ആറ് വർഷം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനോ, തടസ്സം കൂടാതെ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ഇതര നടപടികളോ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വൈദ്യുതി മുടങ്ങുന്നതുമൂലം പമ്പിംഗ് തടസ്സപ്പെടുന്നതിനാൽ അടിയന്തരമായി പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പ്രസ്തുത തുക രണ്ട് 11 കെ.വി. ലൈനുകൾ നിർമ്മിക്കുന്നതിനാണ് ഒടുക്കിയിട്ടുള്ളത്. അതിൽ ഒരു 11 കെ.വി. ഫീഡർ നിർമ്മാണം പൂർത്തീകരിച്ച് ചാർജ്ജ് ചെയ്തിട്ടുള്ളതാണ്. രണ്ടാമത്തെ ഫീഡർ 9.5 കി.മീ. ഗ്രൗർഭ കേബിളും 200 മീറ്റർ ഓവർ ഹെഡ് ലൈനും (നദിക്കു കുറുകെ) ഉൾപ്പെട്ടിട്ടുള്ളതാണ്. ഇതിൽ 5 കി.മീ. കേബിൾ സ്ഥാപിച്ചതിനുശേഷം പി.ഡബ്ല്യു.ഡി.-യുടെ റോഡ് മുറിച്ചു കടക്കുന്നതിലെ തടസ്സംമൂലം മേയ് 2013-ൽ ജോലി തടസ്സപ്പെട്ടു. പിന്നീട് കോൺട്രാക്ടർ റേറ്റ് റിവിഷൻ ആവശ്യപ്പെടുകയും 11-6-2014-ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അതിന് അനുമതി നൽകുകയും ചെയ്തു. ഇതു പ്രകാരം കോൺട്രാക്ടർ 2 കി.മീ. കേബിൾ സ്ഥാപിക്കുന്ന ജോലിപൂർത്തീകരിച്ചു. ഇനി ബാക്കിയുള്ള 2.5 കി.മീ. കേബിൾ സ്ഥാപിക്കുന്ന ജോലിയും 200 മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്ന ജോലിയും എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ

11 (3164) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

66 കെ.വി. കാവാലം സബ്സ്റ്റേഷൻ നിർമ്മാണാവശ്യത്തിനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം 0.874 ഹെക്ടർ സ്ഥലം വാങ്ങാനായി 17-8-2008-ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ടി സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് നികത്താൻ പാടില്ലായെന്നുള്ള ആലപ്പുഴ ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. പുതുതായി, കാവാലത്തിനു സമീപം അനുയോജ്യമായ സ്ഥലം കണ്ടെത്താനായിട്ടില്ല. എന്നാൽ നീലംപേരൂർ എന്ന സ്ഥലത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും സാങ്കേതിക പഠനം നടത്തിവരികയുമാണ്.

എനർജി ഓൺ ഇന്നവേറ്റീവ് സോൺ സംബന്ധിച്ച വിശദാംശങ്ങൾ

12 (3165) ശ്രീ. വ്ഡി ല്യൂയിസ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly